**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത വി കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 19/10/2023 തീയതിയിലെ DWCD/2499/2023-E8 നമ്പർ ഉത്തരവ്

2) വനിതാ ശിശുവികസന ഡയറക്ടറുടെ 01/02/2025 തീയതിയിലെ DWCD/86/2025-E1 നമ്പർ ഉത്തരവ്

3) വനിതാ ശിശുവികസന ഡയറക്ടറുടെ 06/03/2025 തീയതിയിലെ DWCD/1349/2025-E9 നമ്പർ ഉത്തരവ്

**ഉത്തരവ് നം.DWCD/3/2025-E7 തീയതി: 20-03-2025**

വനിതാ ശിശുവികസന വകുപ്പിൽ പരാമർശം (3) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്ന് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.പരാമർശം (1) പ്രകാരമുള്ള ഹെഡ് അക്കൗണ്ടന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം.( 1 4 ) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ ജീവനക്കാർക്ക് ഇതിനോടകം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്. ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച ശ്രീമതി ബിന്ദുകുമാരി ജി (സീനിയോരിറ്റി നം.15) ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് അർഹയാണ്.

ഈ സാഹചര്യത്തിൽ ഉദ്യോഗക്കയറ്റത്തിന് അർഹയായ മേൽ സൂചിപ്പിച്ചിട്ടുള്ള ഹെഡ് അക്കൗണ്ടന്റിന് KS&SSR ചട്ടം 28A(1) പ്രകാരം 43400-91200/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി ബിന്ദുകുമാരി ജി<br>ഹെഡ് അക്കൗണ്ടന്റ്<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ്<br>പെൻ നം.486660 | ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് ഇരിട്ടി |

വകുപ്പിലെ ജീവനക്കാരുടെ 2025 ലെ പൊതുസ്ഥലംമാറ്റത്തിനുള്ള നടപടികൾ ആരംഭിക്കുകയും ജീവനക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിനും മറ്റ് നടപടികൾക്കുമായി മാർഗ്ഗനിർദ്ദേശങ്ങളും സമയക്രമവും നിശ്ചയിച്ച് പരാമർശം (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഉദ്യോഗക്കയറ്റം നൽകി ജീവനക്കാരിയെ നിയമിക്കുന്ന കാര്യാലയം 2025 ലെ പൊതുസ്ഥലംമാറ്റത്തിൽ ഓപ്പൺ വേക്കൻസിയായി കണക്കാക്കുന്നതും പൊതുസ്ഥലംമാറ്റം അനുവദിക്കുന്നതിന്റെ ഭാഗമായി ഒഴിവ് വരുന്ന കാര്യാലയത്തിലേയ്ക്ക് ഇപ്പോൾ നിയമിക്കുന്ന ജീവനക്കാരിയെ മാറ്റി നിയമിക്കുന്നതുമാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിയ്ക്ക് ചട്ടപ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

HARITHA V KUMAR
**വനിതാ ശിശു വികസന ഡയറക്ടർ**

ശ്രീമതി ബിന്ദുകുമാരി ജി
ഹെഡ് അക്കൗണ്ടന്റ്

പകർപ്പ് :

1) ശിശുവികസനപദ്ധതി ഓഫീസർ-ഐ.സി.ഡി.എസ് ഇരിട്ടി
2) സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
Suriah
സൂപ്രണ്ട്